14522
29/10/15

കേരള സർക്കാർ

**സംഗ്രഹം**

വനംവന്യജീവി വകുപ്പ് - സമാശ്വാസ തൊഴിൽദാനപദ്ധതി - കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ തിരുവനന്തപുരം ഡിവിഷനിൽ പാർട്ട് ടൈം സ്വീപ്പറായി ജോലിചെയ്ത് വരവെ മരണമടഞ്ഞ ശ്രീമതി.വി.കമലമ്മയുടെ മകൾ ശ്രീമതി.കെ.ലളിതയ്ക്ക് കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ഡി) വകുപ്പ്

സ.ഉ.(കൈ) നം. 78/2015/വനം. തിരുവനന്തപുരം, തീയതി, 20.10.2015.

---

പരാമർശം -

1. സ.ഉ (പി)നം.12/99/ഉഭപവ തീയതി 24.05.1999.
2. സ.ഉ (പി)നം.24/99/ഉഭപവ തീയതി 18.11.1999.
3. സ.ഉ (പി)നം.32/2007/പ്ലാനിംഗ് തീയതി 16.07.2007.
4. സ.ഉ (പി)നം.14/2010/ഉഭപവ തീയതി 12.04.2010.
5. ശ്രീമതി.കെ.ലളിതയുടെ 18.10.2013, 19.09.2014 എന്നീ തീയതികളിലെ അപേക്ഷകൾ.
6. 22.12.13, 11.08.15 തീയതികളിലെ കേരള വനം വികസന കോർപ്പറേഷനിൽ നിന്നുള്ള ഇ 1-1793/83, ഇ 1-6931/13 എന്നീ നമ്പർ കത്തുകൾ.
7. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 20.07.2015 ലെ എസ്.6-101512/2014/ഡിഡിസ് നമ്പർ കത്ത്.
8. 28.10.2014 ലെ 180-ാമത് കമ്പനി ഡയറക്ടർ ബോർഡിന്റെ തീരുമാനം നമ്പർ 1605.

**ഉത്തരവ്**

സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്ന സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കേരളാ ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ തിരുവനന്തപുരം ഡിവിഷനിൽ പാർട്ട് ടൈം സ്വീപ്പറായി ജോലി ചെയ്തുവരവെ 08.01.2013 ൽ മരണമടഞ്ഞ ശ്രീമതി.വി.കമലമ്മയുടെ മകൾ ശ്രീമതി.കെ.ലളിത പരാമർശം(5) പ്രകാരം അപേക്ഷ സമർപ്പിച്ചു. പരാമർശം (6) പ്രകാരം കേരളാ ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറും, പരാമർശം (7) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടറും, പരാമർശം(8) പ്രകാരം കമ്പനി ഡയറക്ടർ ബോർഡും അപേക്ഷകയ്ക്ക് ജോലി നൽകുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്.

(2) ഈ ജോലിക്കായി പരേതയുടെ ആശ്രിതരിൽ മറ്റാരുംതന്നെ അപേക്ഷിച്ചിട്ടില്ലെന്നും, ആർക്കും ജോലി ലഭിച്ചിട്ടില്ലെന്നും അപേക്ഷക വ്യക്തമാക്കുകയും, പരാമർശം (3) പ്രകാരം ജോലി ലഭിക്കുന്നതിനുള്ള അപേക്ഷ നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പരേതയുടെ ആശ്രിത എന്ന നിലയിൽ അപേക്ഷകയായ ശ്രീമതി.കെ.ലളിതയ്ക്ക് ജോലി നൽകുന്നതിൽ എതിർപ്പില്ല എന്ന് മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ട് നൽകിയിയിട്ടുണ്ട്. അപേക്ഷകയുടെ കുടുംബ വാർഷിക വരുമാനം 24,000/- രൂപയാണെന്ന് ശാസ്തമംഗലം വില്ലേജ് ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

(3) ഈ സാഹചര്യത്തിൽ തിരുവനന്തപുരം ഡിവിഷനിൽ പാർട്ട് ടൈം സ്വീപ്പറായി ജോലി ചെയ്തുവരവെ മരണമടഞ്ഞ ശ്രീമതി.വി.കമലമ്മയുടെ മകൾ ശ്രീമതി.കെ.ലളിതയ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ആസ്ഥാനത്തോ, മറ്റേതെങ്കിലും ഡിവിഷണൽ ഓഫീസിലോ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ നിയമനം, ഇപ്രകാരമുള്ള നിയമനം നൽകുന്നതിന് നീക്കിവച്ചിട്ടുള്ള ഒഴിവിന്റെ ലഭ്യതയ്ക്കും, പരാമർശം (1) മുതൽ (4) വരെയുള്ള സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾക്കും വിധേയമായിരിക്കും.

(4) കേരളാ ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ഒഴിവിന്റെ ലഭ്യതയ്ക്കനുസരിച്ച് മേൽപ്പറഞ്ഞ അപേക്ഷകയ്ക്ക് എത്രയും വേഗം നിയമന ഉത്തരവ് നൽകേണ്ടതും, ടിയാളെ സർവ്വീസിൽ പ്രവേശിപ്പിക്കും മുമ്പ് തസ്തികയിലേക്കുള്ള യോഗ്യത പരിശോധിച്ച് ബോധ്യപ്പെടേണ്ടതും, ചട്ടപ്രകാരമുള്ള മറ്റെല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരിയുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകയ്ക്ക് നൽകുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതാണ്.

(5) അപേക്ഷക വസ്തുതകൾ മറച്ചുവെച്ച് തെറ്റായ വിവരങ്ങൾ നൽകിയിരുന്നു എന്ന് ഉത്തരവ് പുറപ്പെടുവിച്ചശേഷം എപ്പോഴെങ്കിലും വെളിവാകുന്ന പക്ഷം നിയമനത്തിന് അനുമതി നൽകിക്കൊണ്ടുള്ള ഈ ഉത്തരവ് റദ്ദാക്കുന്നതിനുള്ള അധികാരം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**പി.മാരപാണ്ഡ്യൻ,**
ഗവണ്മെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.

ശ്രീമതി.കെ.ലളിത, വാഴവിള വീട്, T.C.XXXII/1191, ശാസ്തമംഗലം, തിരുവനന്തപുരം
(രജിസ്റ്റേർഡ് പോസ്റ്റ് വഴി).
മാനേജിംഗ് ഡയറക്ടർ, കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ, കാരാപ്പുഴ, കോട്ടയം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
ഡിവിഷണൽ മാനേജർ, കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ, തിരുവനന്തപുരം-14.
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് ( നം.14361/ബി.പി.ഇ-2/15/പ്ലാനിംഗ് പ്രകാരം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (Audit/A&E), കേരള, തിരുവനന്തപുരം.

ജില്ലാ കളക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ് - ബഹു. വനം വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്.
ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ-യ്ക്ക്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.